*Uncorrected / Not for publication*
*23-06-2026*
*Ruling: Allowing calling attention and submission to Deputy Speaker*

**റൂളിംഗ്**

ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച്

ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കാൻ കീഴ്വഴക്കങ്ങളുടെ പേരിൽ അവസരം ലഭിക്കുന്നില്ലെന്നും ആയത് അനുവദിക്കണമെന്നും കഴിഞ്ഞദിവസം സഭയിൽ ബജറ്റ് ചർച്ച ആരംഭിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി ഷാനിമോൾ ഉസ്മാൻ അഭ്യർഥന നടത്തിയിരുന്നു. സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും പ്രസ്തുത അഭ്യർഥനയ്ക്ക് അനുകൂലമായ പ്രതികരണമാണുണ്ടായത്. ഇതുസംബന്ധിച്ച് 1957 മുതലുള്ള കാര്യം ചെയർ പരിശോധിക്കുകയുണ്ടായി. 1957 മുതൽ 1991 വരെയുള്ള ഡെപ്യൂട്ടി സ്പീക്കർമാരിൽ 1957-59 കാലഘട്ടത്തിൽ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കെ. ഒ. ഐഷാ ബായിയും 1986-87-ൽ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കൊരമ്പയിൽ അഹമ്മദ് ഹാജിയും ഒഴികെയുള്ള താഴെപ്പറയുന്ന ഡെപ്യൂട്ടി സ്പീക്കർമാർക്ക് സഭയിൽ ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിന് അവസരം ലഭിച്ചിരുന്നു.

1. എ. നഫീസത്ത് ബീവി (1960-64) - ശ്രദ്ധ ക്ഷണിക്കൽ-3
2. എം. പി. മുഹമ്മദ് ജാഫർ ഖാൻ (1967-70)-

   ശ്രദ്ധ ക്ഷണിക്കൽ -1
3. ശ്രീ. ആർ. എസ്. ഉണ്ണി (1970-77) - ശ്രദ്ധ ക്ഷണിക്കൽ - 5,

   ചട്ടം 58 പ്രകാരമുള്ള നോട്ടീസ്-1

5. ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ (1977-79) - ശ്രദ്ധ ക്ഷണിക്കൽ-1
6. ശ്രീ. എം. ജെ. സക്കറിയ (1980-82) - ശ്രദ്ധ ക്ഷണിക്കൽ-1
7. കെ. എം. ഹംസക്കുഞ്ഞ് (1982-86) - ശ്രദ്ധക്ഷണിക്കൽ-2, സബ്മിഷൻ-3

8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ (1987-91) -സബ്മിഷൻ-1

1991 മുതലുള്ള ഡെപ്യൂട്ടി സ്പീക്കർമാർ ആരും ഈ അവകാശം വിനിയോഗിച്ചിട്ടില്ല. ഡെപ്യൂട്ടി സ്പീക്കറുടെ ശമ്പളവും അലവൻസുകളും മന്ത്രിമാരുടെ ശമ്പളത്തിന് തുല്യമാക്കിയതിനുശേഷമാണ് ഈ അവകാശം വിനിയോഗിക്കാതിരുന്നത്. Cabinet rank-ലുള്ള ചീഫ് വിപ്പ് നിലവിൽ ഈ അവകാശം ഉപയോഗിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ 1991 മുതൽ തുടർന്നുവരുന്ന കീഴ്‌വഴക്കം മാറ്റി ഡെപ്യൂട്ടി സ്പീക്കർക്ക് സഭയിൽ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിന് അനുവാദം നൽകാൻ ചെയർ തീരുമാനിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ അപ്രകാരമുള്ള നോട്ടീസ് നൽകുന്ന പക്ഷം അതിന് മുൻഗണന നൽകുന്നതുമായിരിക്കും.